(സി) മനേലി എൽ.ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് തുക 55 ലക്ഷം രൂപയാണ്. ഈ സ്കീമിന് ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 20-3-1999 മുതൽ ആറ് മാസത്തേയ്ക്ക് എല്ലാവിധ ജനസേചന ജോലികൾക്കും ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിട്ടുണ്ട്.

നഗരങ്ങളിലെ ഡ്രെയിനേജ് സൗകര്യം

119 (2031) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ ഡ്രെയിനേജ് സൗകര്യം വിപുലീകരിക്കുവാനും മെച്ചപ്പെടുത്തുവാനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) ഡ്രെയിനേജ് നെറ്റുവർക്കുകളിൽ അനുവദനീയമല്ലാത്ത മാലിന്യങ്ങളും മഴവെള്ളവും മറ്റും കടത്തി വിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് തടയുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ നിലവിലുള്ള സീവറേജ് പദ്ധതിയുടെ പുനരുദ്ധാരണ പണികൾ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കണ്ണേറ്റുമുക്കു മുതൽ കുര്യാത്തിവരെ 1200 മി. മീറ്റർ വ്യാസമുള്ള കോൺക്രീറ്റു കുഴലുകൾ സ്ഥാപിക്കുക, കുര്യാത്തി മുതൽ മുട്ടത്തറവരെ 900 മി.മി. വ്യാസമുള്ള ഡി.ഐ. പൈപ്പുകൾ (പമ്പിംഗ് മെയിൻ) സ്ഥാപിക്കുക, കുര്യാത്തിയിൽ സീവറേജ് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുക. പേട്ട, കണ്ണമ്മൂല, കേശവദാസപുരം, പാങ്ങോട്, പേരൂർക്കട എന്നിവിടങ്ങളിൽ പുതിയ ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിക്കുക എന്നീ പണികൾ നടന്നു വരുന്നു. കൂടാതെ ശേഷികുറഞ്ഞ കുഴലുകൾ മാറ്റി പകരം വ്യാസം കൂടിയ പുതിയ കുഴലുകൾ സ്ഥാപിക്കുക, സാദ്ധ്യമായ ഭാഗങ്ങളിൽ പുതിയ കുഴലുകൾ സ്ഥാപിക്കുക എന്നിവ പണത്തിന്റ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

കൊല്ലം മുനിസിപ്പൽ ഏരിയായിൽ കൊല്ലം ഡ്രെയിനേജ് സ്കീം പദ്ധതി 1980-ൽ തുടങ്ങുകയുണ്ടായി. ഇപ്പോൾ ഈ പദ്ധതി മുടങ്ങിക്കിടക്കുന്നു. ഫണ്ടിന്റെ അഭാവവും യഥാസമയം സംസ്ക്കരണശാല, പമ്പുഹൗസ് എന്നിവയുടെ സ്ഥലം ലഭിക്കാതിരുന്നതും പണികൾ മുടങ്ങാൻ കാരണമായി. ഇനി ഒരു പുതിയ പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയതിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്.

(സി) ഇത് തടയുവാനുള്ള നടപടിയുടെ ഭാഗമായി ഇക്കാര്യം തിരുവനന്തപുരം നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള സീവറേജ് സംവിധാനത്തിൽ കക്കൂസ്, കുളിമുറി, അടുക്കള എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം മാത്രമേ കടത്തിവിടാൻ അനുവദിച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ബോധവൽക്കരണമില്ലാത്തതുമൂലം ജനങ്ങൾ പലപ്പോഴും ഖരവസ്തുക്കൾ, കെട്ടിടങ്ങളിൽ നിന്നുള്ള മഴവെള്ളം മുതലായവ ഇതിൽ കടത്തിവിടാറുണ്ട്. ആശുപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നും വളരെയധികം പ്രശ്നങ്ങൾ ഇപ്പോൾ നേരിടുന്നുണ്ട്. പ്രശ്നം അപ്പപ്പോൾ ബന്ധപ്പെട്ടവരെ അറിയിച്ച് അനന്തര നടപടികൾ എടുക്കുന്നുണ്ടെങ്കിലും പലപ്പോഴും ഇതുമൂലം സ്വീവറേജ് സംവിധാനം തടസ്സപ്പെടുന്നുണ്ട്. പൊതുറോഡുകളിൽ (പൊതുമരാമത്തും കോർപ്പറേഷനും) നിലവിലുള്ള ഉപരിതലഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തതമൂലം മഴവെള്ളവും മറ്റും മാൻഹോളുകളിൽ കൂടി കടത്തിവിടുകയും തന്മൂലം മഴക്കാലത്ത് സ്വീവറേജ് സംവിധാനം മൊത്തത്തിൽ തകരാറിലാവുകയും ചെയ്യുന്നുണ്ട്. നഗരസഭയും പൊതുമരാമത്ത് വകുപ്പും വാട്ടർ അതോറിറ്റിയുമായി യോജിച്ച് മാലിന്യങ്ങളും മഴവെള്ളവും മറ്റും കടത്തിവിടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി നടപടികൾ എടുത്തുവരുന്നു.

തൊഴിൽ വകുപ്പിന്റെ ലക്ഷ്യങ്ങൾ

120 (2032)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഇപ്പോഴുള്ള ഔദ്യോഗിക സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(സി) ഇപ്പോഴും പ്രത്യേക ക്ഷേമ പദ്ധതികൾ ഇല്ലാത്ത തൊഴിലാളി വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൊഴിൽ സംബന്ധിച്ച് എത്ര നിയമനിർമ്മാണം നടത്തി ;

(ഇ) ഈ സർക്കാരിന്റെ വരുന്ന രണ്ടുകൊല്ലക്കാലം ഏതെല്ലാം നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) വ്യവസായ സമാധാനം നിലനിർത്തുന്നതിന് അനുയോജ്യമായ രീതിയിൽ തൊഴിൽ തർക്കങ്ങൾക്ക് അനുരഞ്ജന നടപടികളിലൂടെയും മറ്റ് നിയമപരമായ മാർഗ്ഗങ്ങളിലൂടെയും പരിഹാരം ഉണ്ടാക്കുക, സംഘടിതവും അസംഘടിതവുമായ എല്ലാ മേഖലകളിലേയും തൊഴിലാളികൾക്ക് പരമാവധി ക്ഷേമം ഉറപ്പു വരുത്തുന്നതിന് അനുയോജ്യമായ രീതിയിൽ വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകൾ നടപ്പിലാക്കുക എന്നിവയാണ് തൊഴിൽ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly